## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1262** **06.03.2018 ൽ മറുപടിയ്ക്ക്**

# നാളീകേര വികസനത്തിന് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | നാളീകേര കൃഷി വികസനത്തിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിയെങ്കിലും തെങ്ങ് കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയും നാളീകേര ഉല്പാദനവും വർഷം തോറും കുറഞ്ഞുവരുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | സംസ്ഥാനത്തെ പ്രധാന വിളയായ തെങ്ങ് കൃഷി 2012-13 വർഷം 798162 ഹെകടറിലും, 2013-14 വർഷം 808647 ഹെക്ടറിലും 2014-15 വർഷം 793856 ഹെക്ടറിലും 2015-16 വർഷം 790223 ഹെക്ടറിലും 2016-17 വർഷം 781496 ഹെക്ടറിലും കൃഷി ചെയ്തു വരുന്നതായി സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുകൾ സൂചിപ്പിക്കുന്നു. 2012-13 വർഷം 5799 ദശലക്ഷം നാളികേരം ആയിരുന്ന ഉല്പാദനം 2013-14 വർഷം 5921 ദശലക്ഷം ആയും 2014-15 വർഷം 5947 ദശലക്ഷം നാളികേരമായി വർദ്ധിച്ചിട്ടുള്ളതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ വിസ്തൃതി 2015-16 വർഷം 790223 ഹെക്ടറായും, 2016-17 വർഷം 781496 ഹെക്ടറായും കുറഞ്ഞപ്പോൾ ഉല്പാദനത്തിൽ യഥാക്രമം 5873 ദശലക്ഷം, 5384 ദശലക്ഷം നാളികേരം ആയും കുറവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്നാണ് കണ്ടെത്തിയിട്ടുള്ളത്; | ബി) & സി) | നാളികേര കൃഷിയുടെ വിസ്തൃതിയിൽ ഉണ്ടാകുന്ന കുറവും, അതുമൂലം ഉല്പാദനത്തിൽ ഉണ്ടാകുന്ന കുറവും ഗൗരവമായി കാണുന്നുണ്ട്. സംസ്ഥാനത്ത് കൃഷി ചെയ്യുന്ന തെങ്ങുകളിൽ |

| | | |
|---|---|---|
| സി) അത്യുത്പാദന ശേഷിയുള്ള തെങ്ങിനങ്ങൾ കൃഷിചെയ്തിട്ടും ഉല്പാദനത്തിൽ വന്നിട്ടുള്ള ഇടിവ് ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ; | | കാറ്റുവീഴ്ച മുതലായ രോഗങ്ങളും, കീടബാധകളും മൂലം ഉല്പാദന ക്ഷമത കുറയുന്നതു പ്രധാന പ്രശ്നമായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശാസ്ത്രീയ കൃഷി മുറകൾ തെങ്ങിൻതോട്ടങ്ങളിൽ പാലിക്കുന്നതിന് കർഷകർ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. തൊഴിലാളികളുടെ ദൗർലഭ്യവും ഉയർന്ന കൂലി ചെലവും ശാസ്ത്രീയ കൃഷി അവലംബിക്കുന്നതിൽ നിന്നും കർഷകരെ പിന്തിരിപ്പിക്കുന്നു. വിപണനത്തിനുള്ള പ്രയാസങ്ങളും വിലസ്ഥിരതയില്ലായ്മയും കർഷകർ നേരിടുന്ന പ്രശ്നങ്ങളാണ്. നിലവിലെ തെങ്ങിൻ തോപ്പുകൾ കെട്ടിട നിർമ്മാണത്തിനായി ഉപയോഗിക്കുന്നതിനാൽ തെങ്ങ് കൃഷിയുടെ വിസ്തൃതി കുറയുന്നതിനാലും വരൾച്ച പോലുള്ള കാലാവസ്ഥാ വ്യതിയാനങ്ങൾ മൂലവും ഉല്പാദനം കുറയുന്ന നാളികേര കൃഷിയുടെ പ്രതിസന്ധികളായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) | നാളികേരത്തിന് വിലയിടിവും, വിലസ്ഥിരത ഇല്ലായ്മയും നിലവിലുണ്ടായിരുന്ന സമയത്ത് കേരഫെഡ് വിപണിയെക്കാളും ഉയർന്ന വില നൽകി പച്ചത്തേങ്ങാ സംഭരണം നടപ്പിലാക്കിയതു കാരണം വളരെ മെച്ചമായ വില ഇപ്പോൾ നാളികേരത്തിന് നിലനിർത്തുവാൻ സാധിച്ചിട്ടുണ്ട്. ഇനിയും ഇത്തരം സാഹചര്യങ്ങൾ ഉണ്ടായാൽ ന്യായമായ വില നാളികേരത്തിന് ലഭിക്കുവാൻ വിപണിയിൽ സർക്കാർ ഇടപെടുന്നതാണ്.<br>കാർഷിക മേഖലയിൽ തെങ്ങുകയറ്റം ഉൾപ്പെടെയുള്ള എല്ലാ കൃഷിപ്പണികൾക്കും വിദഗ്ധ തൊഴിലാളികളുടെ സേവനം ലഭ്യമാക്കുക, യന്ത്രവൽക്കരണത്തിലൂടെ കൃഷിപ്പണികൾ യഥാസമയം നടത്തുക, കൃഷിച്ചെലവുകൾ ഗണ്യമായി കുറക്കുക എന്നീ ലക്ഷ്യങ്ങളോടെ കാർഷിക കർമ്മ സേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നീ നാമധേയത്തിൽ കാർഷിക മേഖലയിൽ പ്രവർത്തിക്കുവാൻ സേവനദാതാക്കളുടെ സംഘങ്ങളെ രൂപീകരിച്ചിട്ടുണ്ട്. പരിശീലനം ലഭിച്ച ഇത്തരം വിദഗ്ധ തൊഴിലാളികളുടെ |

സംഘങ്ങളുടെ സേവനം കാർഷിക മേഖലയിലെ തൊഴിലാളി പ്രശ്നത്തിന്മേൽ ഒരു പരിധിവരെ ആശ്വാസമായിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം നാളികേര കൃഷി വികസനത്തിനായി 4500 ലക്ഷം രൂപ വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സമഗ്ര നാളികേര വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു.

അത്യുൽപാദന ശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു.

തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ഒരു ക്യാമ്പയിൻ അടിസ്ഥാനത്തിൽ അവലംബിക്കാനുള്ള 300 ലക്ഷം രൂപയുടെ പദ്ധതിയും കേന്ദ്ര തോട്ടവിള കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാനുള്ള 269.2426 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കി വരുന്നു.

കൂടാതെ SCSP/ TSP മേഖലയിൽ തെങ്ങുപ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുവാൻ 175 ലക്ഷം രൂപയുടെ പദ്ധതിയും, തെങ്ങുകളുടെ ശാസ്ത്രീയപരിപാലനത്തിന് വേണ്ടിയുള്ള 1315.65 ലക്ഷം രൂപയുടെ പദ്ധതിയും ഈ വർഷം നാളികേര വികസനത്തിനായി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു.

കൂടാതെ നാളികേര കൃഷിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സമഗ്രമായി കൈകാര്യം ചെയ്യുന്നതിനായി 'നാളികേര മിഷൻ' രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**